രക്ഷയുടെ പാതയിൽ-7



7

# ഈശോയുടെ പ്രബോധനങ്ങൾ

## സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

# ഉള്ളടക്കം


1. നിത്യജീവൻ പ്രാപിക്കാൻ
2. കർത്താവായ ദൈവം
3. ദൈവനാമം ആരാധ്യനാമം
4. കർത്താവിന്റെ ദിവസം
5. മാതാപിതാക്കളെ ബഹുമാനിക്കണം
6. ജീവൻ ദൈവദാനം
7. ലൈംഗിക വിശുദ്ധി
8. മോഷ്ടിക്കരുത്
9. സത്യം പറയുക
10. ദാമ്പത്യവിശുദ്ധി പാലിക്കുക
11. അവകാശമില്ലാത്തത് ആഗ്രഹിക്കരുത്
12. ശ്രേഷ്ഠമായ കല്പന
13. തിരുസഭയുടെ കല്പനകൾ
14. മനഃസാക്ഷി രൂപികരണം
15. സുവിശേഷ ഭാഗ്യങ്ങൾ

പാഠം 5

# മാതാപിതാക്കളെ ബഹുമാനിക്കണം



പാരമ്പര്യത്തിന്റെ പേരിൽ ദൈവകല്പനയെ ലംഘിക്കുന്നതിനെ തിരുത്തണമെന്ന് ഈശോ ആവശ്യപ്പെട്ടു (ലൂക്കാ 7:1-13).



1. നാലാംപ്രമാണം പഴയനിയമത്തിൽ
2. നാലാംപ്രമാണം പുതിയനിയമത്തിൽ
3. മക്കളുടെ കടമകൾ
4. മാതാപിതാക്കളുടെ കടമകൾ
5. അധികാരികളെയും മുതിർന്നവരെയും ബഹുമാനിക്കണം

# നാലാംപ്രമാണം പഴയനിയമത്തിൽ

- പ്രമാണങ്ങളിൽ നാലാമത്തേത് നിന്റെ ദൈവമായ കർത്താവു തരുന്ന രാജ്യത്തു നീ ദീർഘകാലം ജീവിച്ചിരിക്കേ തിന് നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനി ക്കുക. (പുറ 20:12-13)
- ഈ പ്രമാണം ലംഘിച്ചാൽ സംഭവിക്കാവുന്ന ആപത്തുക ളെക്കുറിച്ചുള്ള മുന്നറിയിപ്പുകളും ഉണ്ട് (സുഭാ.30:17) പിതാ വിനെ പരിത്യജിക്കുന്നത് ദൈവദൂഷണത്തിനു തുല്യമാണ്; മാതാവിനെ പ്രകോപിപ്പിക്കുന്നവൻ കർത്താവിന്റെ ശാപ മേൽക്കും (പ്രഭാ 3:16)

# നാലാം പ്രമാണം പുതിയനിയമത്തിൽ

- സമൂഹത്തിന്റെ അടിസ്ഥാനഘടകം കുടുംബമാണ്. നല്ല കുടുംബങ്ങൾ നല്ല സമൂഹത്തെയും നല്ല ലോകത്തെയും സൃഷ്ടിക്കുന്നു.
- മാതാപിതാക്കളും മക്കളും സ്നേഹിച്ചും സഹകരിച്ചും കഴിയുന്ന കുടുംബങ്ങളാണ് ഉത്തമ കുടുംബങ്ങൾ.
- നാലാം പ്രമാണത്തിന്റെ അനുസരണം നല്ല കുടുംബങ്ങളെ സൃഷ്ടിക്കും.
- ഒരു ക്രൈസ്തവ കുടുംബം എപ്രകാരമായിരിക്കണമെന്ന് നസ്രത്തിലെ തിരുകുടുംബം നമ്മെ പഠിപ്പിക്കുന്നു.



## മക്കളുടെ കടമകൾ

- ദൈവം കഴിഞ്ഞാൽ ജീവന്റെയും വളർച്ചയുടെയും ഉത്തരവാദികളും സംരക്ഷകരും മാതാപിതാക്കളാണ്. അതിനാൽ മക്കൾ അവരെ സ്നേഹിക്കാനും ആദരിക്കാനും കടപ്പെട്ടിരിക്കുന്നു. അതൊരു ദൈവകല്പനയും പ്രകൃതി നിയമവുമാണ്.
- അവരെ സ്നേഹിക്കണം. അവരോട് നമ്മൾ എപ്പോഴും നന്ദിയുള്ളവരായിരിക്കണം. അവരെ ശ്രദ്ധയോടെ ശുശ്രൂഷിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യണം. സ്നേഹപൂർണമായ പരിചരണവും സംഭാഷണവും കൊണ്ട് അവരുടെ ഏകാന്തതയും വിഷമവും അകറ്റണം. ഇവയാണ് മാതാപിതാക്കളോട് മക്കൾക്കുള്ള കടമകളിൽ പ്രധാനപ്പെട്ടവ.
- മാതാപിതാക്കളെ പരിഹസിക്കുക, നിന്ദിക്കുക, ചീത്തവിളിക്കുക, ദേഹോപദ്രവം ചെയ്യുക എന്നിവയും ഈ പ്രമാണത്തിന് എതിരായ ഗൗരവമുള്ള തെറ്റുകളാണ്.

# മാതാപിതാക്കളുടെ കടമകൾ

- മക്കളെ ദൈവത്തിന് പ്രിയപ്പെട്ടവരായി വളർത്തണം. മക്കളുടെ ആത്മീയവും ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചക്കാവശ്യമായ സാഹചര്യവും സൗകര്യവും മാതാപിതാക്കൾ ഉണ്ടാക്കിക്കൊടുക്കണം.
- നല്ല ശിക്ഷണത്തിൽ അവരെ വളർത്തേ ചുമതലയും മാതാപിതാക്കൾക്കുണ്ട്. വളരുന്ന പ്രായത്തിൽ കുട്ടികൾക്ക് നല്ല മാതൃക നൽകാൻ മാതാപിതാക്കൾക്ക് പ്രത്യേകം ശ്രദ്ധിക്കണം.

# അധികാരികളെയും മുതിർന്നവരെയും

## ബഹുമാനിക്കണം

- നാലാംപ്രമാണത്തിന്റെ പരിധിയിൽ മാതാപിതാക്കൾ മാത്രമല്ല ഉള്ളത്, അധ്യാപകരും അധികാരസ്ഥാനങ്ങലിരിക്കുന്നവരുമുണ്ട്. അധ്യാപകരെ കുട്ടികൾ ബഹുമാനിക്കണം അനുസരിക്കുകയും ചെയ്യണം. ഗുരുശിഷ്യബന്ധത്തിന്റെ പ്രാധാന്യം വിദ്യാർത്ഥികൾ മനസ്സിലാക്കി പ്രവർത്തിക്കണം. അധികാരസ്ഥാനങ്ങളിലിരിക്കുന്ന വരെ ബഹുമാനിക്കാനും നമുക്ക് കടമയു്. കാരണം, അധികാരം ദൈവദത്തമാണ് (റോമ.13:1)
- നമ്മേക്കാൾ പ്രായമുള്ള ഏതൊരു വ്യക്തിയോടും ആദരവോടെ പെരുമാറാനുള്ള വിനയവും നമുക്കുാകണം. അയൽക്കാരോടും ബന്ധുജനങ്ങളോടും ബഹുമാനവും ആദരവും പുലർത്താനും നാം ശ്രദ്ധിക്കണം.

# നമുക്കു പ്രാർത്ഥിക്കാം

**സ്നേഹനിധിയായ ഈശോയേ അങ്ങു നസ്രത്തിലെ തിരുകുടുംബത്തിൽ മാതാപിതാക്കൾക്കു വിധേയനായി വളർന്നതു പോലെ വളരാനും പക്വത നേടാനും എന്നെ അനുഗ്രഹിക്കണമേ.**



# നമുക്കു പാടാം

(അഖിലാണ്ഡ മണ്ഡല...)

മാതാപിതാക്കളെ ആദരിച്ചേവം
ദൈവപ്രമാണങ്ങൾ കാത്തവനീശോ
മാതാപിതാക്കളെ അനുസരിക്കുന്നോൻ
ദൈവികപാതെ ചരിച്ചിടുമെന്നും
ഈ ദിവ്യകല്പനലംഘിച്ചിടുന്നോൻ
ശാപവും മൃത്യുവും കൈമുതലാക്കും.
സ്നേഹസന്തോഷങ്ങൾ പങ്കിട്ടുനൽകുന്ന
വീടെന്നും സ്വർഗ്ഗത്തിൻതുല്യമായ് മാറും
അപ്പനും അമ്മയും മക്കളുമെല്ലാം
സ്നേഹത്തിൽ വർത്തിച്ചാൽ സ്വർഗ്ഗമിവിടെ
സ്നേഹസമർപ്പണം, നന്ദി, സന്മാതൃക
വീടതിൻ ഐശ്വര്യം, ജീവന്റെ മാർഗ്ഗം

ദൈവവചനം വായിക്കാം;

വിവരിക്കാം

(എഫേ.6:1-4)



# വഴി കാട്ടാനൊരു തിരുവചനം

നിങ്ങൾക്ക് നന്മ കൈവരുന്നതിനും ഭൂമിയിൽ ദീർഘ
കാലം ജീവിച്ചിരിക്കേതിനും നിന്റെ പിതാവിനെയും മാതാ
വിനെയും ബഹുമാനിക്കുക

(പുറ 20:12).

# എന്റെ തീരുമാനം

മാതാപിതാക്കളെയും മുതിർന്നവരെയും
ബഹുമാനിക്കണം.

Thank you